# ജറുസലെം ദൈവരാജ്യം



2023 മാർച്ച് 3   വാല്യം 10   ലക്കം 6



പട്ടത്തച്ചൻ



# ആത്മീയ പോരാട്ടത്തിന്റെ നോമ്പുകാലം

''സഭയാകുന്ന ശരീരത്തെപ്രതി ക്രിസ്തുവിന് സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് ഞാൻ എന്റെ ശരീരത്തിൽ സംവഹിക്കുന്നു'' (കൊളോ 1:24). നോമ്പ് കാലം ഒരു ആത്മീയ പോരാട്ടകാലമാണ്. ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ച് വ്യാപരിക്കാതെ ആത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് ജീവിക്കുന്ന കാലം. ശരീരത്തിന്റെ പ്രവണതകളായ അസൂയ, അലസത, അഹങ്കാരം, ആസക്തി, അമിതമായ വിശ്രമം, അമിതമായ ഉറക്കം, അമിതമായ മീഡിയാ ഭ്രമം ഇതിലൂടെ ആത്മീയ പോരാട്ടത്തിന്റെ മൂർച്ച കെടുത്തിക്കളയുന്നു. വചനം ഓർമ്മപ്പെടുത്തുന്നു: ''പ്രശാന്തമായ മനസ്സ് ശരീരത്തിന് ഉന്മേഷം നൽകുന്നു. അസൂയ അസ്ഥികളെ ജീർണ്ണിപ്പിക്കുന്നു'' (സുഭാ 14:30). വീണ്ടും നാം വായിക്കുന്നു: അലസത നാശത്തിനും പട്ടിണിക്കും നിദാനമാകുന്നു. കാരണം അലസതയാണ് ദാരിദ്ര്യത്തിന്റെ മാതാവ്. പ്രഭാഷകൻ നമ്മോട് ഉൽബോധിപ്പിക്കുന്നു: ''അഹങ്കാരം തുടങ്ങുമ്പോൾ കർത്താവിൽനിന്നകലുന്നു. ഹൃദയം അവന്റെ സ്രഷ്ടാവിനെ പരിത്യജിച്ചിരിക്കുന്നു''. അലസതയും അഹങ്കാരവും ആഡംബരഭ്രമത്തിലേയ്ക്കും, അമിതമായ ലഹരിഭ്രാന്തിലേയ്ക്കും മീഡിയാ ഭ്രമത്തിലേയ്ക്കും നയിക്കുന്നു. ഇത്തരം കാര്യങ്ങൾ ആത്മീയ വളർച്ചയെ ദുർബലമാക്കുകയും പാപങ്ങൾ തഴച്ചുവളരുവാൻ കളമൊരുക്കുകയും ചെയ്യുന്നു.

ഉപവാസം, പരിത്യാഗം, പ്രാർത്ഥന, പരിഹാരപ്രവൃത്തികൾ നോമ്പ് കാലഘട്ടത്തിൽ പ്രത്യേകിച്ചും വളർത്തിയെടുക്കേണ്ടതാണ്. ശരീരത്തിൽ വേദനയേറുമ്പോൾ, ശരീരം ക്ഷീണിക്കുമ്പോൾ, ശരീരം തളരുമ്പോൾ ആത്മാവിൽ പ്രചോദനം ലഭിക്കുന്നു. മാത്രമല്ല സ്വർഗ്ഗത്തിന്റെ മാലാഖമാരും, സൈന്യവും ഈ ആത്മീയ സംഘർഷത്തിൽ സഹായിക്കാനായി വരുന്നു. നമ്മെ മറ്റുള്ളവർ തെറ്റിദ്ധരിച്ചുവെന്നോർത്ത് വിഷമിക്കാതിരിക്കുക. ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുക. ആത്മാർത്ഥതയുടെ സമീപനങ്ങൾ ആത്മീയ മേഖലകളെ ഉണർവുള്ളതാക്കും. ലോകവസ്തുക്കളെകൊണ്ട് ഹൃദയം നിറയ്ക്കാതെ ആത്മീയ സുകൃതങ്ങൾ കൊണ്ട് മനസ്സ് നിറയ്ക്കുക. ഈ നോമ്പ് കാലം ഫലദായകമായിതീരും.

## വിദ്യാർത്ഥികൾക്കുള്ള പ്രാർത്ഥന



അറിവിന്റെ ഉറവിടമായ പരിശുദ്ധാത്മാവേ, അങ്ങെ ന്റെ പഠനത്തിലും പാഠ്യവിഷയങ്ങളിലും വന്നു നിറയണമേ. ജ്ഞാനവും അറിവും നൽകി എന്നെ അനുദിനം വളർത്തണമേ. എന്റെ പഠനത്തെ തടസ്സപ്പെടുത്തുന്ന അസ്വസ്ഥ ചിന്തകളും ദുഃഖങ്ങളും രോഗങ്ങളുമെല്ലാം അങ്ങ് മാറ്റിത്തരണമേ. അങ്ങയുടെ വിരൽത്തുമ്പുകൊണ്ട് പരീക്ഷകളെഴുതാൻ എന്നെ സഹായിക്കണമേ. ചിന്തയേയും ഭാവനയേയും അവിടുത്തെ തിരുരക്തത്താൽ കഴുകി എനിക്ക് പഠനത്തിൽ ഏകാഗ്രതയും ഉത്സാഹവും ഉന്മേഷവും നല്കി അനുഗ്രഹിക്കണമേ. എന്റെ കുടുംബത്തേയും, വിദ്യാലയത്തേയും, മാതാപിതാക്കളേയും, അധ്യാപകരേയും, സഹോദരങ്ങളേയും, സ്നേഹിതരേയും ഒരു ബലിയായി ദൈവപിതാവിന് സമർപ്പിക്കുന്നു. പരിശുദ്ധ ദൈവമാതാവേ, എന്നേയും എന്റെ പഠനത്തേയും ദൈവസന്നിധിയിലേക്ക് ഉയർത്തണമേ. ആമ്മേൻ. ജറുസലെം നാഥേ, മരിയൻ മണ്ഡപത്തിലെ വിശുദ്ധരെ, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവേ, വിദ്യാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.



ജറുസലെം പ്രേഷിത ധ്യാനം



ഞായറാഴ്ച്ചകളിൽ ജറുസലെമിൽ നടത്തപ്പെടുന്ന ജപമാല പ്രദക്ഷിണം.

## വിദ്യാർത്ഥികളുടെ ധ്യാനം



| | | |
|---|---|---|
| മെയ് 1 – 3 | : | Std. 9, 10 Students |
| മെയ് 5 – 8 | : | +1, +2 വിദ്യാർത്ഥികൾ |
| മെയ് 9 | : | Std. 2,3,4, Students (9.00 am - 4.00 pm) |
| മെയ് 16 | : | LKG, UKG, Std.1 Students (9.00 am - 4.00 pm) |



## "എല്ലാവരും അവരുടെ അന്തസ്സിന് തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിന് ശ്രമിക്കണം.".



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്. (ഹെബ്രായർ 13: 8)

# ഭയപ്പെടേണ്ടാ ഞാൻ നിന്റെ കൂടെയുണ്ട്




**പി. എ. റാഫേൽ,** പുലിക്കോട്ടിൽ ഹൗസ്, പി. ഒ. ആർത്താറ്റ്

നമ്മുടെ ഏത് വിഷമാവസ്ഥയിലും നമ്മോടൊപ്പമുള്ള ദൈവം നമ്മോട് പറയുന്നു: ''ഭയപ്പെടേണ്ടാ ഞാൻ നിന്റെ കൂടെയുണ്ട്. സംഭ്രമിക്കേണ്ട, ഞാനാണ് നിന്റെ ദൈവം'' (ഏശയ്യാ 61:10). 15 വർഷം മുൻപ് താമസിക്കുന്ന വീട്ടിൽനിന്നും എനിക്ക് ഇറങ്ങേണ്ടി വന്നു. വാടകവീട് എടുത്ത് താമസിക്കാൻ കാശില്ലാത്തതിനാൽ ഭാര്യയേയും മക്കളേയും ഭാര്യവീട്ടിൽ താമസിപ്പിക്കുകയും, ഞാൻ പല സ്ഥലങ്ങളിലായി രാത്രി കിടന്നുറങ്ങേണ്ടി വരികയും ചെയ്തു. ഒരു വർഷം കഴിഞ്ഞ് ഒരു ചെറിയ വീട് വെച്ച് താമസിച്ചു. ആ അവസരത്തിൽ എന്റെ കൂട്ടുകാരൻ ഒരു തെറ്റിദ്ധാരണയുടെ പേരിൽ എന്റെ ഭൂമിയും വീടും ജപ്തി ചെയ്യിച്ചു. സങ്കടകടലിന്റെ നടുവിൽ നിൽക്കുമ്പോൾ ഭാര്യയും മരണപ്പെട്ടു. ജീവിതം വഴിമുട്ടിനിന്ന സമയത്ത് മക്കളുടെ പഠനം പൂർത്തിയാക്കുവാൻ ഈശോ കൃപ നൽകി. **മകളുടെ വിവാഹത്തിന് അടുത്ത വീട്ടിലെ ടീച്ചർ 4 ലക്ഷം രൂപ തന്ന് സഹായിച്ചു. കോവിഡിന്റെ കാലത്ത് എനിക്ക് 1500 സ്ക്വയർ ഫീറ്റ് വീട് പണിയാൻ സാധിച്ചു. മകന്റെ വിവാഹത്തിനും പലവിധ തടസ്സങ്ങൾ ഉണ്ടായപ്പോൾ ഞങ്ങൾ പ്രാർത്ഥനയിൽ അഭയം പ്രാപിച്ചു. അഭിഷിക്താനുഗ്രഹം തേടി.** തടസ്സങ്ങൾ നീങ്ങി വിവാഹം നടന്നു. പട്ടത്തച്ചൻ എന്റെ ഇടവകയിൽ വന്ന് മകന്റെ വിവാഹം നടത്തിത്തന്നു. ഞങ്ങളുടെ ഭവനത്തിനായി വചനകൂടാരത്തിലെ എല്ലാ വൈദികരും പ്രാർത്ഥിച്ചിരുന്നു. അൽഭുതകരമായി എല്ലാം ക്രമീകരിച്ചുതന്ന നല്ല ദൈവത്തിന് നന്ദിയേകുന്നു.

## പ്രാർത്ഥനാനിയോഗങ്ങൾ

**Whatsapp ചെയ്യേണ്ടനമ്പർ**
**9656 133 533**
**ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും**
**6.30 pm - 8.30 pm - Jerusalem Retreat Centre Youtube ൽ**

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല



**നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല, ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)**

## ഉരുകിയ മനസ്സോടെ പ്രാർത്ഥിച്ചപ്പോൾ



**ആലീസ് ജോണി,** കവലക്കാട്ട് ഹൗസ്, വടക്കാഞ്ചേരി

എന്റെ മകന്റെ വിവാഹം കഴിഞ്ഞിട്ട് 6 വർഷമായി. ആദ്യത്തെ കുഞ്ഞ് ഒന്നര വർഷമായപ്പോൾ ജനിച്ചെങ്കിലും ആറാം മാസം ശ്വാസതടസ്സമായിട്ട് മരിച്ചു. രണ്ടാമത് മകന്റെ ഭാര്യ ഗർഭിണിയായി ഓപ്പറേഷനിലൂടെ രണ്ടാമത്തെ കുഞ്ഞ് ജനിച്ചു. 22-ാം ദിവസം ശ്വാസതടസ്സത്തെ തുടർന്ന് മരിച്ചു. 2 പേരും പെൺകുട്ടികളായിരുന്നു. വീണ്ടും ആരോഗ്യവും ആയുസ്സും ഉള്ള ഒരു കുഞ്ഞിനെ ലഭിക്കുന്നതിനുവേണ്ടി 9 വെള്ളിയാഴ്ച്ച നിയോഗം വെച്ച് സാക്ഷ്യം പറയാമെന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ആരോഗ്യമുള്ളൊരു പെൺകുഞ്ഞിനെ നല്കി ജറുസലെംനാഥനും പരി. അമ്മയും അനുഗ്രഹിച്ചു. കുഞ്ഞിന് ഇപ്പോൾ 3 വയസ്സായി. 51-ാം സങ്കീർത്തനം 17-ാം തിരുവചനം ഇപ്രകാരമാണ്: ''ഉരുകിയ മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി. ദൈവമേ നുറുങ്ങിയ ഹൃദയത്തെ അങ്ങ് നിരസിക്കുകയില്ല''. ഹൃദയം നുറുങ്ങിയുള്ള ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമേകിയ ദൈവമേ നന്ദി.



## വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ

**മേഴ്സി സൈമൺ,** മാളിയേക്കൽ ഹൗസ്, കുരിയച്ചിറ

എന്റെ മകന് 4 വർഷമായി വിവാഹം കഴിഞ്ഞെങ്കിലും മക്കൾ ഉണ്ടായിരുന്നില്ല. കുരുക്കഴിക്കുന്ന ക്രൂശിതന്റെ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുത്തിരുന്നു. ''ജനതകളുടെ ഇടയിലേയ്ക്കു നോക്കി വിസ്മയഭരിതരാകുവിൻ. പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു'' (ഹബക്കുക്ക് 1/5). വചനം അവരുടെ ജീവിതത്തിൽ നിറവേറുകയും, ഒരു പെൺകുഞ്ഞിനെ നൽകി ദാമ്പത്യത്തെ അനുഗ്രഹിച്ച ഈശോയോട് നന്ദി പറയുന്നു.

## ധൈര്യം നൽകിയ ദൈവം



**കൃഷ്ണപ്രിയ,** ചെറിയാക്കത്തറപ്പിൽ ഹൗസ്, പി. ഒ. പുത്തൂർ

സങ്കീർത്തനങ്ങൾ 31:24 ഇപ്രകാരമാണ്: ''കർത്താവിനെ കാത്തിരിക്കുന്നവരേ ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ''. എന്റെ കുഞ്ഞുവാവ കളിക്കുന്ന സമയത്ത് ഫോണിലെ ബാറ്ററി വിഴുങ്ങി. കുട്ടിയെ വേഗം ജൂബിലി മിഷൻ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ചെന്ന് എക്സ്റേ എടുത്തു. ബാറ്ററി ചെറുകുടൽ വരെ എത്തി എന്നും വിസർജ്യത്തിലൂടെ പുറത്തുപോകാൻ പ്രാർത്ഥിക്കണമെന്നും ഡോക്ടർ പറഞ്ഞു. കാനാട്ടച്ചന്റെ നിർദ്ദേശപ്രകാരം ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്ത് ഹോസ്പിറ്റലിൽ വച്ചുതന്നെ ഞാൻ പ്രാർത്ഥിച്ചു. പിറ്റേദിവസം ബാറ്ററി മലവിസർജ്ജനത്തിലൂടെ പുറത്തുപോയി. സൗഖ്യം നൽകിയ ദൈവമേ നന്ദി പറയുന്നു.

## തളരാത്ത വിശ്വാസം



**സന്ധ്യ എം. കെ.,** മാടാനി ഹൗസ്, ചങ്ങല ഗേറ്റിനു സമീപം, പി. ഒ. ഒല്ലൂർ,

''നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ വാക്ക് കേട്ട്, അവിടുത്തോട് ചേർന്ന് നിൽക്കുവിൻ'' (നിയമാവർത്തനം 30:20). ദൈവത്തോട് ചേർന്ന് നിന്നാൽ അവിടുന്ന് നമ്മോടും ചേർന്നുനിൽക്കും. രോഗങ്ങളിൽ കൂട്ടായിരിക്കും. അപകടങ്ങളിൽനിന്ന് കാത്തു രക്ഷിക്കും. നാല് വർഷം മുമ്പ് എന്റെ കൂടെ ജോലി ചെയ്തിരുന്ന എന്റെ കൂട്ടുകാരന് മഞ്ഞപ്പിത്തം പിടിപെട്ടു. ഹോസ്പിറ്റലിൽ അഡ്മിറ്റായി. രോഗം ഗുരുതരമായി. ഹാർട്ടിന് ഓപ്പറേഷൻ കഴിഞ്ഞ കുട്ടിയായതിനാൽ രോഗം സീരിയസ്സായപ്പോൾ എല്ലാവർക്കും സങ്കടമായി. ഞാൻ ജറുസലെംനാഥന്റെ അടുത്ത് വന്ന് പ്രാർത്ഥിക്കുകയും, ലൂഷ്യസ് അച്ചനെ കണ്ട് പ്രാർത്ഥനാസഹായം യാചിക്കുകയും ചെയ്തു. അച്ചൻ എനിക്ക് ഉണ്ണീശോയോട് പ്രാർത്ഥിക്കാൻ ഒരു സുകൃതജപം തന്നു. ആ സുകൃതജപം ചൊല്ലി ഒരു ആഴ്ച കഴിയുമ്പോഴേയ്ക്കും ആ കുട്ടി സുഖം പ്രാപിച്ചു. അവന്റെ രോഗം പൂർണ്ണമായി സുഖപ്പെടുത്തിയാൽ ഞാൻ ജറുസലെമിൽ വന്ന് സാക്ഷ്യം പറയാം എന്ന് പറഞ്ഞിരുന്നു. അസുഖം മാറ്റിത്തന്ന ജറുസലെം നാഥന് നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

## സൗഖ്യം ഒഴുകിയ നിമിഷങ്ങൾ



**രേഖ സിജോ,** വേരൻപിലാവ്, കോടാലി

എന്റെ മകൻ അലിന് തൊണ്ടയിൽ ഒരു മുഴ കാണുകയും ഡോക്ടേഴ്സിനെ കാണിച്ചപ്പോൾ കുട്ടികളിൽ കാണുന്ന ക്യാൻസർ അല്ലെങ്കിൽ ടി. ബി. ആയിരിക്കും എന്ന് വിധിയെഴുതി. ഞങ്ങൾ കുടുംബസമേതം വചനകൂടാരത്തിൽ വന്ന് കണ്ണീരോടെ യാചിക്കുകയും ചെയ്തിരുന്നു. ''കണ്ണീരോടെയാണ് അവർ വരുന്നത്. എന്നാൽ ഞാനവരെ ആശ്വസിപ്പിച്ചു നയിക്കും'' (ജറെമിയ 31/9). മനസ്സുരുകി പ്രാർത്ഥിച്ചപ്പോൾ വീണ്ടും ടെസ്റ്റ് റിസൽട്ട് വന്നു. ബയോപ്സി ചെയ്തപ്പോൾ ഒരു കുഴപ്പവുമില്ല, ക്യാൻസറിന്റെ ഒരു അംശം പോലുമില്ല എന്ന് അറിഞ്ഞു. എന്റെ മകനെ സുഖപ്പെടുത്തിയ സൗഖ്യദായകനാരാധന.

## കണ്ണീർ തുടയ്ക്കുന്ന കർത്താവ്



**മേരി,** വടക്കേത്തല ഹൗസ്, കൊടകര

സങ്കീ. 56/8 വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു: ''അവിടുന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്. എന്റെ കണ്ണീർക്കണങ്ങൾ അങ്ങു കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്''. എന്റെ മകൻ റിൻസൻ വിദേശത്ത് ജോലി ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് അവന് തൊണ്ടയിൽ വേദനയും വെള്ളമിറക്കാനും ശ്വാസമെടുക്കാനും ബുദ്ധിമുട്ടനുഭവിച്ചിരുന്നു. ഡോക്ടറിനെ കാണിച്ചിട്ടും അൽപ്പം പോലും കുറവുണ്ടായിരുന്നില്ല. ജറുസലെം ധ്യാനകേന്ദ്രത്തിൽവന്ന് പ്രാർത്ഥിക്കുകയും, അര മണിക്കൂർ കഴിഞ്ഞപ്പോൾ വിദേശത്തുനിന്ന് മകന്റെ ഫോൺ വരികയും മുഴ പൊട്ടിപ്പോയി എന്ന് അറിയുകയും പിന്നീട് മകൻ നാട്ടിലേക്ക് വരികയും ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. വേദനയും പഴുപ്പും മാറാതായപ്പോൾ പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിക്കുകയും അച്ചൻ വെഞ്ചിരിച്ച മധുരം നൽകുകയും ചെയ്തു. തൽഫലമായി പഴുപ്പും വേദനയും മാറിപ്പോകുകയും പരിപൂർണ്ണ സൗഖ്യത്തിലേക്ക് നയിക്കുകയും ചെയ്തു.

## കൃപ ചൊരിഞ്ഞ യേശുനാഥൻ



**ഷീന ജയിംസ്,** അറുകാക്കൽ ഹൗസ്, കുത്തുകുഴി പി. ഒ., കോതമംഗലം

കർത്താവിന്റെ കാരുണ്യം അനന്തമാണ്. ''അവിടുന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്. എന്റെ കണ്ണീർക്കണങ്ങൾ അങ്ങു കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്'' (സങ്കീ. 56:8). ഞങ്ങളുടെ കണ്ണീർക്കണങ്ങൾ അവിടുന്ന് കുപ്പിയിൽ ശേഖരിച്ചു. ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് അവിടുന്ന് ഉത്തരമേകി. ഞങ്ങളുടെ മൂന്നാമത്തെ മകൾ സെറിന് മുറിച്ചുണ്ടായിരുന്നു. തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ആറാം മാസത്തിലായിരുന്നു ആദ്യത്തെ ഓപ്പറേഷന് ഡെയ്റ്റ് ലഭിച്ചിരുന്നത്. ഞങ്ങൾ ഓപ്പറേഷനുവേണ്ടി ആശുപത്രിയിൽ അഡ്മിറ്റാവുകയും എന്നാൽ എല്ലാവിധ തയ്യാറെടുപ്പുകളും നടത്തി മകളെ തിയറ്ററിൽ പ്രവേശിപ്പിച്ചുവെങ്കിലും അന്നേ ദിവസം ഓപ്പറേഷൻ നടന്നില്ല. ഓപ്പറേഷൻ നടത്താനുള്ള പുതിയ ഡെയ്റ്റ് വാങ്ങി ഞങ്ങൾ നിരാശയോടെ വീട്ടിലേക്ക് മടങ്ങി. അതിനുശേഷം ഞങ്ങൾ വീണ്ടും ഓപ്പറേഷനുവേണ്ടി അഡ്മിറ്റായെങ്കിലും ഓപ്പറേഷൻ നടന്നില്ല. നിരാശരായി ഞങ്ങൾ തിരികെ വീട്ടിലേക്ക് പോകുന്നവഴി ജറുസലെം ധ്യാനകേന്ദ്രത്തിൽ കയറി പട്ടത്തച്ചനെ കാണുകയും അച്ചനോട് കാര്യങ്ങൾ പറയുകയും ചെയ്തു. അച്ചൻ മോളുടെ തലയിൽ കൈവച്ച് പ്രാർത്ഥിക്കുകയും അടുത്ത പ്രാവശ്യം ഓപ്പറേഷൻ നടക്കുമെന്നും ജറുസലെം അമ്മയുടെ അടുത്ത് സാക്ഷ്യപ്പെടുത്തണമെന്നും പറഞ്ഞു. അച്ചൻ പറഞ്ഞതുപോലെതന്നെ ഓപ്പറേഷൻ നടന്നു. പരിശുദ്ധ അമ്മയ്ക്ക് ഒരായിരം നന്ദി, സ്തുതി, സ്തോത്രം.

## ദൈവത്തെ ആരാധിച്ചപ്പോൾ



**മേഴ്സി വിനു,** പാലത്തടത്തിൽ ഹൗസ്, പഴന്തോട്ടം, എറണാകുളം ജില്ല

''ദൈവത്തെ ആരാധിക്കുകയും അവന്റെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ പ്രാർത്ഥന ദൈവം ശ്രവിക്കുന്നു''. എനിക്ക് അലർജി മൂലമുള്ള ശ്വാസംമുട്ടൽ ആയിരുന്നു. ആ രോഗം കാരണം ഞാൻ വളരെയധികം ബുദ്ധിമുട്ടി. കർത്താവിനോട് ഞാൻ ജറുസലെമിൽ



# " ക്രമവും, ദൈവഭയവും, നിത്യരക്ഷയിൽ വിചാരവുമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരുകൾക്കും കാരണമാകുന്നു".

വന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഈശോ എന്റെ ശ്വാസമുട്ടലിന്റെ രോഗം എടുത്തുമാറ്റി. ഞാൻ അഞ്ച് മാസമായി വചനകൂടാരത്തിൽ വന്ന് വെള്ളിയാഴ്ചകളിലെ ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്നു. എനിക്ക് നൽകിയ വൻകൃപയ്ക്ക് ഞാൻ നന്ദിയേകുന്നു.

## ദൈവമേ നന്ദി



**മേരി പൗലോസ്**, മൂലൻമുഴ ഹൗസ്, നടത്തറ

"കർത്താവിന് നന്ദി പറയുവിൻ. അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു" (സങ്കീർത്തനങ്ങൾ 106:1). എന്റെ മകൾ കുടുംബമായി അമേരിക്കയിലാണ്. അവൾക്ക് പുതിയ ഒരു ജോലിയിലേക്ക് സെലക്ഷൻ ആയ ശേഷം സിറ്റിസൺഷിപ്പ് ഇല്ലാത്തതിനാൽ ആ ജോലിയിലേക്ക് എടുക്കാൻ സാധ്യമല്ല എന്ന് അറിയിപ്പ് ലഭിച്ചു. അവളുടെ ജീവിതസാഹചര്യത്തിൽ ഒരു പ്രതീക്ഷയായി കിട്ടിയ ആ ജോലി നഷ്ടപ്പെട്ട സങ്കടം അവൾ അറിയിച്ചപ്പോൾ ഞാൻ ഇവിടെ വന്ന് ജറുസലെം നാഥയുടെ മുമ്പിൽ ഞങ്ങളുടെ ഹൃദയവ്യഥ പറഞ്ഞ് പ്രാർത്ഥിച്ചു. മകൾ ഇതിനിടയിൽ സിറ്റിസൺഷിപ്പിന് അപേക്ഷ കൊടുത്ത് ആ വിവരം കമ്പനിയെ അറിയിക്കുകയും ചെയ്തു. ഞാൻ വന്ന ദിവസം പ്രത്യേക പ്രാർത്ഥനയുള്ള ദിവസമല്ലായിരുന്നു. ജോ അച്ചനെ കണ്ട് പ്രാർത്ഥനാ ആവശ്യം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനാ നിയോഗം എഴുതി കൊടുക്കുകയും ചെയ്തു. രണ്ട് ദിവസത്തിനുശേഷം ആ ജോലി ലഭിച്ചെന്ന് മകൾ അറിയിച്ചു. ആവശ്യങ്ങളിൽ സഹായിക്കുന്ന, നമ്മെ കാത്ത് പരിപാലിക്കുന്ന നല്ല ദൈവമേ നിനക്ക് നന്ദിയേകുന്നു.

## ദൈവനാമം പരിശുദ്ധമാണ്



**ജെസ്സി സണ്ണി**, കോമ്പാറക്കാരൻ ഹൗസ്, പി. ഒ. കോനിക്കര

നമ്മുടെ ജീവിതത്തിന്റെ നിസ്സഹായാവസ്ഥയിൽ നാം ദൈവത്തോട് ചേർന്നുനിന്ന് പരിശുദ്ധമായ തിരുനാമം വിളിച്ചപേക്ഷിക്കുമ്പോൾ അവിടുന്ന് നമുക്ക് വലിയ കാര്യങ്ങൾ ചെയ്തുതരും, 2019 ഡിസംബർ മാസത്തിൽ നടന്ന ജറുസലെം കൺവെൻഷനിൽ പ്രത്യേക നിയോഗത്തോടെ ജോലി ലഭിക്കുന്നതിനുവേണ്ടി ഞാൻ കണ്ണീരോടെ പ്രാർത്ഥിച്ചു. സിജോ അച്ചന്റെ ആരാധനയുടെ സമയത്ത് എന്റെ പേര് ചൊല്ലി വിളിച്ച് എന്നെ അനുഗ്രഹിക്കുന്നതായി സന്ദേശം ലഭിച്ചു. ഞാൻ അതിൽ ഉറച്ചു വിശ്വസിച്ച് പ്രാർത്ഥിച്ചു. കൺവെൻഷൻ കഴിഞ്ഞ് ജനുവരി ഒന്നാം തീയതി തന്നെ ലീവ് വാക്കൻസിയ്ക്ക് എനിക്ക് ജോലി ലഭിച്ചു. ഇപ്പോൾ എന്റെ ജോലി സ്ഥിരമായി. എന്റെ അപ്പോയ്മെന്റ് അപ്രൂവൽ ആകാതെ വന്നപ്പോൾ ഞാൻ ഈശോയോട് കണ്ണീരോടെ പ്രാർത്ഥിച്ചു. വചനകൂടാരത്തിൽ വന്ന് പട്ടത്തച്ചന്റെ ആശീർവ്വാദം സ്വീകരിച്ചു. ദൈവം എനിക്ക് വലിയ കാര്യങ്ങൾ നടത്തിത്തന്നു. "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്" (ലൂക്ക 1:49).

## പ്രാർത്ഥന ശ്രവിച്ച ദൈവം



**സിയ സജി**, കൊച്ചുവീട്ടിൽ ഹൗസ്, ഒല്ലൂർ

യോഹന്നാൻ 9:31 ഇപ്രകാരമാണ്: "ദൈവത്തെ ആരാധിക്കുകയും അവന്റെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ പ്രാർത്ഥന ദൈവം ശ്രവിക്കുന്നു". എന്റെ ആദ്യശ്രമത്തിൽ ഞാൻ എഴുതിയ ഒ. ഇ. ടി. പരീക്ഷയിൽ ഒരു പോയിന്റിന് എന്റെ യു. കെ. സ്കോർ നഷ്ടപ്പെട്ടു. ഏഴ്ആഴ്ച നിയോഗം വെച്ച് ഉപവസിക്കുകയും എല്ലാ വെള്ളിയാഴ്ചകളിലും ജറുസലെം വചനകൂടാരത്തിലെ ശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തു. ഈ സമയത്ത് ഞാൻ വീണ്ടും ഒ. ഇ. ടി. പരീക്ഷ എഴുതി. യു. കെ. സ്കോർ നൽകി ജറുസലെം നാഥൻ എന്നെ അനുഗ്രഹിച്ചു. പ്രാർത്ഥന കേട്ടനുഗ്രഹിച്ച ജറുസലെം നാഥന് നന്ദിയേകുന്നു.

## വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ



**സംഗീത അലക്സ്**, പാറയിൽ ഹൗസ്, പി. ഒ. കൊഴുക്കുള്ളി

"പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ. നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും". വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവാനുഗ്രഹം ഞങ്ങളുടെ ഭവനത്തിലും കൃപയായി ഒഴുകിയെത്തി. വളരെ നാളുകളായി പ്രാർത്ഥിച്ചാഗ്രഹിച്ച കാര്യം ഈശോ ഞങ്ങൾക്ക് സാധിതമാക്കി തന്നു. എന്റെ ഭർത്താവിന് വർക്ക്ഷോപ്പ് ആണ്. വർക്ക്ഷോപ്പ് നടത്തിയിരുന്ന സ്ഥലം വാടകയ്ക്കായിരുന്നു. സ്വന്തമായി സ്ഥലം വാങ്ങി വർക്ക്ഷോപ്പ് നടത്താൻ ഞങ്ങൾ ഒരു പാട് അന്വേഷിച്ചു. പക്ഷേ സ്ഥലം കിട്ടിയില്ല. പ്രത്യേക നിയോഗത്തോടെ ഞാൻ വചനകൂടാരത്തിൽ വന്ന് ഏഴ് വെള്ളിയാഴ്ചകളിൽ ഉപവസിച്ച് വി. കുർബ്ബാനയിലും ആരാധനയിലും പങ്കുചേർന്ന് പ്രാർത്ഥിച്ചു. വർക്ക്ഷോപ്പ് നടത്താൻ അനുയോജ്യമായ ഒരു സ്ഥലം ലഭിച്ചാൽ അൾത്താരയിൽ വന്ന് സാക്ഷ്യം പറയാമെന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ജറുസലെം നാഥൻ 10 സെന്റ് സ്ഥലം നൽകി ഞങ്ങളെ അനുഗ്രഹിച്ചു. ഞങ്ങൾ വാടകയ്ക്കിരുന്ന സ്ഥലം തന്നെ നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമേകിയ നല്ല ദൈവമേ നന്ദി.

## സ്വന്തമായി ഭവനം ലഭിച്ചു



**മരിയാ വിജി**, തലക്കോട്ടുക്കര ഹൗസ്, മണ്ണുത്തി പി. ഒ., പാണ്ടിപറമ്പ്

ദൈവം നൽകിയ അനുഗ്രഹത്തിന് ഞങ്ങൾ അവിടുത്തേയ്ക്ക് നന്ദി പറയുന്നു. ഞങ്ങൾക്ക് 30 വർഷമായി സ്വന്തമായി വീട് ഉണ്ടായിരുന്നില്ല. ജറുസലെംനാഥന്റെ അടുത്ത് കഴിഞ്ഞ ജൂൺ മാസം മുതൽ സാധിക്കുന്ന എല്ലാ വെള്ളിയാഴ്ചകളിലും വന്നിരുന്നു. കൂടാതെ പട്ടത്തച്ചനെയും കണ്ടു പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് എല്ലാ സൗകര്യങ്ങളും ഉള്ള ചെറിയ ടെറസ് വീട് തന്ന് അനുഗ്രഹിച്ചു. ഞങ്ങൾ ലോണിന് അപേക്ഷിച്ചിരുന്നു. പല പല തടസ്സങ്ങൾ കാരണം ലോൺ പാസായില്ല. നിയോഗ പ്രാർത്ഥനയുടെ ഫലമായി ആ തടസ്സങ്ങൾ മാറി ലോൺ പാസ്സായി. ഞങ്ങൾക്ക് വീടിന്റെ താക്കോൽ ലഭിച്ചു. ഞങ്ങളെ അനുഗ്രഹിച്ച നല്ല ദൈവമേ നിനക്ക് നന്ദിയേകുന്നു.

## വിജയം നൽകുന്ന കർത്താവ്



**ഫിലോമിന**, ഇല്ലിക്കൽ ഹൗസ്, ആനന്ദപുരം

"വിജയം നൽകുന്ന യോദ്ധാവ് നിങ്ങളുടെ മദ്ധ്യേ ഉണ്ട്" (സെഫാനിയ 3/17). എന്റെ ആങ്ങളയുടെ മകൻ ഒമ്പതാം ക്ലാസ്സിലാണ്. പഠിക്കുവാൻ ബുദ്ധിമുട്ടായിരുന്നു. ഈ വിദ്യാർത്ഥി പരീക്ഷയിൽ പാസ്സാവുകയില്ലെന്ന് അധ്യാപകർ പറഞ്ഞു. ഈ മകനുവേണ്ടി ജറുസലെം നാഥനോട് പ്രാർത്ഥിക്കുകയും, എല്ലാ ദിവസവും "യേശുവേ അങ്ങയുടെ തിരുരക്തം കൊണ്ട് കഴുകണമെ, പരിശുദ്ധാത്മാവിനാൽ നിറയ്ക്കണമെ" എന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എല്ലാ ക്ലാസുകളിലും പാസ്സാവുകയും ഇപ്പോൾ ഡിഗ്രിയ്ക്ക് പഠിക്കുകയും ചെയ്യുന്നു. "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല".

## നിയോഗങ്ങൾ സാധ്യമാക്കുന്ന ദൈവം



**റോസിലി ഡേവി**, നായത്തടത്ത് ഹൗസ്, കോതമംഗലം

ഞങ്ങൾ മൂന്ന് നിയോഗങ്ങൾക്കു വേണ്ടിയാണ് ജറുസലെം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചിരുന്നത്. "അതിനാൽ ഞാൻ പറയുന്നു. പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ. നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും" (മർക്കോസ് 11/24). വാടകവീട്ടിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. പ്രാർത്ഥനയുടെ ഫലമായി സ്വന്തമായി ഒരു ഭവനം ലഭിയ്ക്കുകയും, 40 വർഷമായി നിരന്തരമായിട്ടുള്ള മൈഗ്രെയിൻ തലവേദന പൂർണ്ണമായും സുഖപ്പെടുകയും ചെയ്തു. മൂന്നാമതായി യു. കെ. യിലുള്ള മകന് പി. ആർ. കിട്ടാൻ അനുഗ്രഹിക്കുകയും ചെയ്ത ഈശോയ്ക്ക് ഒരായിരം നന്ദി.

## ഈശോ തൊട്ടപ്പോൾ



**ആനി വർക്കി**, ചിറമ്മൽ ഹൗസ്, ഒല്ലൂർ

"ദുരിതങ്ങൾ എനിക്കുപകാരമായി. തൻമൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ" (സങ്കീ. 119/71). എന്റെ മകൻ ലണ്ടനിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ ശക്തമായ നടുവേദനയെ തുടർന്ന് ടെസ്റ്റുകൾ നടത്തിയപ്പോൾ ബ്ലഡ് ക്യാൻസർ ആണെന്ന് അറിഞ്ഞു ബാക്ക് പെയിൻ ആയതുകൊണ്ട് ബെൽറ്റ് ധരിച്ചും, വടി കുത്തിയുമാണ് നടന്നിരുന്നത്. 45 ദിവസം ഹോസ്പിറ്റലിൽ കിടക്കുകയും കീമോയും, റേഡിയേഷനും ചെയ്തിരുന്നു. ജറുസലെം ധ്യാനകേന്ദ്രത്തിൽ വന്ന് പ്രാർത്ഥനാസഹായം തേടുകയും "ദിവ്യവൈദ്യനും ഔഷധവുമായ യേശുവേ, എന്നിൽ വന്ന് നിറയണമേ" എന്ന് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഈശോയുടെ കരുണയാൽ രോഗസൗഖ്യം ലഭിയ്ക്കുകയും ചെയ്തു. ഈശോയ്ക്ക് ആയിരമായിരം നന്ദി സമർപ്പിക്കുന്നു.

## നിലവിളി കേൾക്കുന്ന കർത്താവ്



**സിൽവി സെബാസ്റ്റ്യൻ**, ചെറുപുനത്തിൽ ഹൗസ്, നെല്ലിക്കുന്ന്

ആമോസ് 9/11 വചനം ഇപ്രകാരമാണ് പറയുന്നത്. "അന്നു ദാവീദിന്റെ വീണു പോയ കൂടാരത്തെ ഞാൻ ഉയർത്തും. കേടുപാടുകൾ തീർത്ത് വീണ്ടും അതിനെ പഴയ കാലത്തെന്നപോലെ പണിതുയർത്തും". 17 ലക്ഷം കടബാധ്യത ഉണ്ടായിരുന്നു. കടബാധ്യത തീർക്കാൻ ഒരു വഴിയും ഉണ്ടായിരുന്നില്ല. 22 വർഷമായി സ്ഥിരമായി ജറുസലെമിൽ വന്ന് പ്രാർത്ഥിക്കുന്ന കുടുംബമാണ്. കർത്താവിന്റെ പ്രത്യേക ഇടപെടൽ മൂലം സ്ഥലം വില്ക്കാൻ സാധിക്കുകയും ചെയ്തു. കടബാധ്യത മാറിക്കിട്ടുകയും കൂടാതെ എന്റെ മകൾക്ക് ഗവൺമെന്റ് ജോലി കിട്ടുകയും, വിദേശത്ത് ആയിരുന്ന ഞങ്ങൾക്ക് നാട്ടിലേയ്ക്ക് വരാനുള്ള കൃപയും നൽകി.

## ജീവിതപങ്കാളിയെ നൽകിയ ദൈവം

**ജാൻസി ഷാജൻ**, മുറ്റിച്ചൂക്കാരൻ ഹൗസ്, കോനിക്കര



ഉൽപ്പത്തി 2/18 ഇപ്രകാരമാണ്: "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനു ചേർന്ന ഇണയെ നൽകും". എന്റെ മക്കൾക്ക് വിവാഹതടസ്സമായിരുന്നു. ഞാൻ 7 വെള്ളിയാഴ്ചകളിൽ പ്രത്യേക നിയോഗത്തോടെ ജറുസലെമിലെ ഏകദിന ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ഈശോ എന്റെ രണ്ടു മക്കൾക്കും നല്ല ജീവിത പങ്കാളികളെ നൽകി അനുഗ്രഹിച്ചു.

## അസാധ്യകാര്യങ്ങൾ സാധ്യമാക്കുന്ന ഈശോ

**റോസി സൈമൺ**, കീറ്റിക്കൽ ഹൗസ്, കുരിയച്ചിറ



കുരുക്കഴിക്കുന്ന ക്രൂശിതനോടുള്ള പ്രാർത്ഥനായജ്ഞത്തിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി 22 വർഷമായി പണി പൂർത്തിയാകാത്ത ഭവനനിർമ്മാണം നടന്നു. കൂടാതെ തൈറോയ്ഡിന്റെ അസുഖം പൂർണ്ണമായും സുഖപ്പെടുകയും, വർഷങ്ങളായി അനുഭവപ്പെട്ടിരുന്ന ഡിസ്ക് കംപ്ലയിന്റ് മാറിക്കിട്ടുകയും മകൾക്ക് യു. കെ. യിലേക്ക് പോകാനുള്ള വിസ തടസ്സം മാറുകയും ചെയ്തു. "അവൻ പറഞ്ഞു: മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്" (ലൂക്ക 18/27).

## പ്രത്യാശയിലേക്ക് നയിച്ചപ്പോൾ



**ജുവൽ ജോൺസൻ**, തയ്യിൽ ഹൗസ്, ഉപ്പുകണ്ടം, കോതമംഗലം

കർത്താവിനു നമ്മെക്കുറിച്ചു വിചാരമുണ്ട്. അവിടുന്ന് നമ്മെ അനുഗ്രഹിക്കും (സങ്കീ. 115/12). എനിയ്ക്ക് യു. കെ. യിലേക്ക് പോകാനുള്ള വിസ തടസ്സം ഉണ്ടായിരുന്നു. വെള്ളിയാഴ്ചകളിലെ ഏകദിന പ്രാർത്ഥനാ ശുശ്രൂഷകളിൽ നിയോഗം സമർപ്പിച്ചിരുന്നു. തൽഫലമായി വിസ ലഭിച്ചു. എന്റെ സഹോദരന് ദുബായിൽ നല്ല ജോലിയും നൽകിയ ദൈവത്തിന് ആരാധനയും നന്ദിയുമേകുന്നു.




ദു:ഖിതരുടെ ആലംബമായ ജറുസലെം നാഥേ, ഇതാ ഞാൻ അങ്ങയിൽ അഭയം തേടുന്നു. അപകടങ്ങളിൽ നിന്ന് എപ്പോഴും കാത്തുകൊള്ളണമെ. കഠിനമായ വേദനകളിലും തീവ്രപ്രലോഭനങ്ങളിലും ദൈവതിരുമനസ്സ് വെളിപ്പെടുത്തി തരണമെ. കടങ്ങളും കടബാധ്യതകളും വ്യാപാരങ്ങളും പരിശ്രമങ്ങളും പഠനങ്ങളും ഉദ്യമങ്ങളും പരിശുദ്ധ അമ്മ വഴി യേശുവിനു സമർപ്പിക്കുന്നു. നാരകീയ സർപ്പത്തിന്റെ തല തകർത്ത പരിശുദ്ധ അമ്മേ, എനിക്കും ലോകം മുഴുവനുംവേണ്ടി പ്രാർത്ഥിക്കണമെ.

ആമ്മേൻ. 3 നന്മ. 1 ത്രിത്വ.

**33 ദിവസം രാവിലേയും വൈകീട്ടും ഒരു പ്രാവശ്യമെങ്കിലും ചൊല്ലുക. കിട്ടിയ അത്ഭുതങ്ങൾ ഫോട്ടോ സഹിതം അയച്ചുതരിക.**


**ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ**

JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309 Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

UPI G Pay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ ഈ നമ്പറിലേക്ക് [+91 8304 069 046] അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ

# നിരന്തരമായി പ്രാർത്ഥിക്കുക



സിനി ജോൺസൻ

ആഗോള കത്തോലിക്കാ സഭയുടെ തലവനായ ഫ്രാൻസീസ് പാപ്പായുടെ കോംഗോ, സൗത്ത് സുഡാൻ സന്ദർശനങ്ങൾ അന്താരാഷ്ട്ര മാധ്യമങ്ങളിൽ കഴിഞ്ഞയാഴ്ച വലിയ വാർത്തയായി. പത്തു ലക്ഷത്തിലേറെ ജനങ്ങൾ പങ്കെടുത്ത വിശുദ്ധ കുർബ്ബാനയും, ആഫ്രിക്കൻ ജനതയ്ക്ക് അദ്ദേഹത്തോടുള്ള സ്നേഹവും മാധ്യമങ്ങളിൽ നിറഞ്ഞു നിന്നു. ആഭ്യന്തര യുദ്ധങ്ങൾ മൂലം തകർന്ന, പ്രകൃതിസമ്പത്തുണ്ടായിട്ടും ഉപയോഗിക്കാൻ സാധിക്കാത്ത ഈ രണ്ട് രാജ്യങ്ങളിലെ യഥാർത്ഥ കാര്യങ്ങൾ നീതിയുടെ പ്രവാചകനായ പാപ്പ ലോകത്തോട് വിളിച്ചുപറയുകയും ചെയ്തു. സത്യങ്ങൾ വിളിച്ചുപറയാൻ ഫ്രാൻസിസ് പാപ്പായ്ക്ക് ഭയമുണ്ടായിരുന്നില്ല.

ഫ്രാൻസിസ് പാപ്പായുടെ ഈ ആഫ്രിക്കൻ സന്ദർശനം കണ്ട ലോകജനത മുഴുവൻ 2019-ൽ വത്തിക്കാനിൽ നടന്ന ഒരു കൂടിക്കാഴ്ചയിലൂടെ കടന്നുപോയി. സൗത്ത് സുഡാനിലെ രാഷ്ട്രീയ പ്രതിനിധികളായ റീക്ക് കച്ചാർ, സാൽവാകീർ എന്നിവർ സഭാമേധാവികളോടൊപ്പം വത്തിക്കാനിലെത്തി പാപ്പായുമായി അനുരഞ്ജന ചർച്ച നടത്തി. ആഭ്യന്തര യുദ്ധം അവസാനിപ്പിക്കാൻ പല പോംവഴികളും ആലോചിച്ചു. ഒന്നിലും തീരുമാനമായില്ല. ഈ സമയം ഏവരെയും അമ്പരപ്പിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ ഈ രണ്ടുപേരുടെയും മുമ്പിൽ മുട്ടുകുത്തി പാദങ്ങൾ ചുംബിച്ചുകൊണ്ട് സംഘട്ടനം അവസാനിപ്പിക്കാനും, സമാധാനം സ്ഥാപിക്കാനും അപേക്ഷിച്ചു. അനുരഞ്ജനപ്പെടാനും ക്ഷമിക്കാനും ആവശ്യപ്പെട്ടുകൊണ്ട് പാദത്തിൽ ചുംബിക്കുവാൻ ഒരു യഥാർത്ഥ ക്രിസ്തുശിഷ്യനേ സാധിക്കൂ.

ലോകത്തിന്റെ പല ഭാഗങ്ങളിലും ക്രൈസ്തവർക്ക് നേരെയുള്ള അക്രമങ്ങൾ മുമ്പില്ലാത്തവിധം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അക്രമങ്ങളും, രക്തച്ചൊരിച്ചിലുകളും കലാപങ്ങളും ഇന്ന് വാർത്തകൾ മാത്രം. ഇന്ത്യയിലെ ഛത്തീസ്ഘട്ടിലെ നാരായൺപൂർ ജില്ലയിലെ ക്രൈസ്തവർക്കു നേരെ അരങ്ങേറിയ ക്രൂരതകൾ കരളലിയിക്കുന്നതാണ്. അവരുടെ ഭവനങ്ങൾ അഗ്നിക്കിരയാക്കി, മർദ്ദനവും പട്ടിണിയും കൃഷിയിടങ്ങൾ നശിപ്പിച്ചു. ക്രൈസ്തവരെ ചൂണ്ടിക്കാണിക്കുന്നവർക്ക് ആയിരം രൂപ പ്രതിഫലം കൊടുത്ത് മർദ്ദിച്ചവശരാക്കി. നമ്മുടെ രാജ്യത്ത് ക്രൈസ്തവ വിശ്വാസത്തിൽ ജീവിക്കാൻ ഇവർക്കവകാശമില്ലേ? പല മുഖ്യധാര മാധ്യമങ്ങളും ഈ വാർത്തകൾക്ക് വലിയ പ്രാധാന്യം നൽകിയില്ല എന്നത് നമുക്ക് ഒട്ടും ആശാസ്യമല്ല. അവിടുത്തെ പള്ളിയിലെ ക്രൂശിത രൂപങ്ങൾ തകർന്നടിഞ്ഞ് കിടക്കുന്നതും, മാതാവിന്റെ ഗ്രോട്ടോ തല്ലിതകർത്തതും സന്യാസിനിമാർക്ക് നേരെയുണ്ടായ ആക്രമണവും നമുക്ക് സമ്മാനിച്ചത് വലിയ വേദനകളായിരുന്നു. കാരണം ആ സംഭവം അവിടെ മാത്രം ഒതുങ്ങിനിൽക്കാതെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആവർത്തിച്ചു എന്നത് നാമും ഭയാശങ്കകളോടെ കാണണം. അക്രമങ്ങളും കലാപങ്ങളും നടത്താതെ ക്രൈസ്തവവിശ്വാസികൾ ഇതെല്ലാം നേരിട്ടത് ദൈവം നയിക്കും എന്നുള്ള വിശ്വാസ തീക്ഷ്ണതയാൽ ഉറച്ച് നിരന്തര പ്രാർത്ഥനകളോടെയാണ്. ഇവിടെയാണ് സൗത്ത് സുഡാനിലെ രാഷ്ട്രീയ പ്രതിനിധികളുടെ പാദം ചുംബിച്ച ഫ്രാൻസിസ് പാപ്പായുടെ വിശുദ്ധ മാതൃക നമുക്ക് പ്രചോദനവും ഉൾക്കരുത്തുമേകുന്നത്.



കുടുംബബന്ധങ്ങളേയും വിവാഹമെന്ന കൂദാശയേയും ശിഥിലമാക്കുന്ന ദയാവധത്തിനും ഭ്രൂണഹത്യയ്ക്കും അയവു നൽകുന്നതും സാധാരണ സംഭവമായി മാറിയിരിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി ഇത്തരം സംഭവങ്ങൾ സംഭവിക്കുമ്പോൾ അതിലെ യാഥാർത്ഥ്യം നാം തിരിച്ചറിയുകയും നിരന്തരം പ്രാർത്ഥിക്കുകയും വേണം. ഈ നോമ്പ്കാലം അതിനുള്ള അവസരമായി മാറട്ടെ.

## ദിവ്യകാരുണ്യ സൗഖ്യ ആരാധനയും അനുഗ്രഹ ജപമാലയും



**ഫാ. ദേവസ്യ കാനാട്ട് CMI**

**ഫാദർ ദേവസ്യ കാനാട്ടിന്റെ നേതൃത്വത്തിൽ വൈകുന്നേരം 6.30 മുതൽ 8.30 മണി വരെ നടത്തുന്ന ലൈവ് ശുശ്രൂഷയാണിത്. ഓൺലൈനായും ഓഫ്ലൈനായും ശുശ്രൂഷ ഉണ്ട്. അനേകായിരങ്ങൾ പങ്കെടുക്കുകയും അനുഗ്രഹങ്ങൾ നേടുകയും ചെയ്യുന്നു. പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്ന ശുശ്രൂഷയാണിത്.**

https://www.youtube.com/jerusalemretreatcentrelive/live



## ഈശോയുടെ കൂടെ
## TO BE WITH JESUS [FOR YOUTH]

**ഫാ. സിജോ തയ്യാലക്കൽ CMI**

ജറുസലെം വചനകൂടാരത്തിൽ ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും ആയി നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനയാണിത്. ഓൺലൈനായും ഓഫ്ലൈനായും ഈ പ്രാർത്ഥന ഉണ്ട്. കുമ്പസാരത്തിന് അവസരം ഉണ്ടായിരിക്കും. മാതാപിതാക്കൾക്ക് മക്കളെയും കൂട്ടി കൊണ്ടുവന്ന് ഈ ശുശ്രൂഷയിൽ പങ്കെടുക്കാവുന്നതാണ്. online link ലഭ്യമാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഹൃദയങ്ങൾ ഈശോയുടെ സ്നേഹത്തിൽ പൊതിഞ്ഞ് സുവിശേഷത്തിന് സാക്ഷിയാകാം. ജപമാല, കുമ്പസാരം, സ്തുതിയും, ദൈവാരാധനയും വചനസന്ദേശവും വിടുതൽ ശുശ്രൂഷയും ഉണ്ടായിരിക്കും.

TO BE WITH JESUS OFFICIAL

## സഹനപ്പൂക്കൾ



**പട്ടത്തച്ചൻ CMI**

സഹനം ഒരു വിധിയില്ല നിധിയാണെന്ന് തിരിച്ചറിഞ്ഞ 72 ജീവിതങ്ങളിലേയ്ക്ക് ഇടയന്റെ സ്നേഹവുമായി യാത്രയായ പ്രാർത്ഥനാനിർഭരമായ ദിനങ്ങൾ. സഹനം ദൈവത്തോടൊപ്പമുള്ള സഹവാസമാണ്. സഹനങ്ങൾ ദൈവം കൈവിട്ടതിന്റെ ലക്ഷണമല്ല ദൈവം ചേർത്ത് പിടിച്ചതാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവരെ ചേർത്ത് പിടിച്ച അനർഘ നിമിഷങ്ങൾ മറക്കാനാവുന്നതല്ല. ‘‘അവിടുന്ന് നിന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്. കണ്ണീർക്കണങ്ങൾ കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്’’. ഈ കണ്ണീർക്കണങ്ങൾ ഒപ്പിയെടുക്കുന്നതായിരുന്നു അവർക്ക് വേണ്ടി ഒരുക്കിയ 3 നാൾ കൂട്ടായ്മ. ഇന്ന് അവർ ആഴ്ചയിൽ ഒരു ദിവസം (വ്യാഴാഴ്ചകളിൽ) ഒത്തുചേരുന്നു. 15-നും 20-നും ഇടയ്ക്ക് ഭിന്നശേഷിക്കാരായ മക്കൾ ഒരുമിച്ച് കൂടി സഹനാരാധന നടത്തുന്നു. വി. കുർബ്ബാന, മുഴുവൻ കൊന്ത, കരുണകൊന്ത, ആരാധന എന്നിവ നടത്തുന്നു. ഇവരുടെ ഒരേയൊരു ലക്ഷ്യം ആത്മാക്കളെ നേടണം, അനേകം മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം എന്നതാണ്. ഇവരുടെ പ്രാർത്ഥനകൾ ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

https://www.youtube.com/jerusalemretreatcentrelive/live

കാണാം...
പങ്കുവെയ്ക്കാം...

## ദൈവകൃപയും കൃപയുടെ ഭവനവും



**പട്ടത്തച്ചൻ CMI**

കോവിഡ് കാലത്ത് എല്ലാ ദിവസവും ഉച്ചതിരിഞ്ഞ് 3 മണിക്ക് ഓൺലൈൻ സംപ്രേഷണമായി 5 മിനിറ്റാണ് ദൈവകൃപ ഞാൻ നടത്തിയിരുന്നത്. ഈശോ വി. ഫൗസ്റ്റീനയ്ക്ക് കൊടുത്ത നിർദ്ദേശമനുസരിച്ചാണ് 3 മണി സമയം തിരഞ്ഞെടുത്തത്. 365 ദിവസമാണ് ഈ ഓൺലൈൻ ശുശ്രൂഷ നടത്തിയത്. അനേകം വിശ്വാസികൾ പങ്കെടുത്ത് ദൈവകൃപ അനുഭവിച്ച ശുശ്രൂഷയായിരുന്നു ഇത്. തുടർന്ന് നടത്തിയ ശുശ്രൂഷയാണ് കൃപയുടെ ഭവനം. എല്ലാ ദിവസവും 3 മണി മുതൽ 4 മണി വരെ യു ട്യൂബിലൂം ഓഫ്ലൈനായും കൃപയുടെ ഭവനം നടത്തി. കരുണയുടെ ജപമാല, വി. മിഖായേലിന്റെ പ്രാർത്ഥന, വി. ജർത്രൂദിനോടുള്ള പ്രാർത്ഥന, തിരുരക്ത സംരക്ഷണ പ്രാർത്ഥന, ദൈവവചന വായന, വിടുതൽ പ്രാർത്ഥന എന്നിവ അനേകായിരം വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമൂഹങ്ങൾക്കും ദൈവത്തിന്റെ കൃപകൾ സ്വീകരിക്കാൻ കാരണമായി. ഇപ്പോൾ റീ - ടെലികാസ്റ്റിങ്ങിലൂടെ ലഭ്യമായ ലിങ്കിൽ ദൈവജനത്തിന് കാണാവുന്നതാണ്.

https://www.youtube.com/jerusalemretreatcentrelive/live

## ജറുസലെം ശുശ്രൂഷകൾ മാർച്ച് 2023

| | | |
|---|---|---|
| 3 - 5 | CMC Teachers' Retreat | (9.00 am) |
| 4 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (9.30 am - 1.00 pm) |
| 6 - 8 | കയ്പമംഗലം ഇടവകധ്യാനം | |
| 9 - 12 | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (9.00 am) |
| 16 - 19 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (4.00 pm) |
| 19 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (9.30 am - 1.00 pm) |
| 19 - 21 | കോനിക്കര ഇടവകധ്യാനം | |
| 27 - 28 | ഉപവാസ വിടുതൽ ധ്യാനം | (09.00 am) |
| 28 - 31 | വില്ലടം ഇടവകധ്യാനം | |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm- 06.15 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |
| | Jerusalem Retreat Centre You Tube Channelൽ https://www.youtube.com/c/JerusalemRetreatCentre | |

**എല്ലാ വെള്ളിയാഴ്ചയും**
**പൊതു പ്രാർത്ഥനാ ദിനമായിരിക്കും** (8.30 a.m. - 3.30 p.m.)

## Prayer LINE



**എല്ലാ ദിവസവും രാത്രി 9.30 ന്**
**ബഹു. ഡേവീസ് പട്ടത്തച്ചൻ നേതൃത്വം നൽകുന്നു**

Access code : 3321285#

Call in : 8929 700 137

